## മലയാളം

1. ചിറകുള്ള ബസ് എന്ന കവിതയുടെ രചയിതാവ്? (1 മാർക്ക്)

   a. ചെറുശ്ശേരി  b. സുഗതകുമാരി
   c.വിഷ്ണുപ്രസാദ്  d.അക്കിത്തം

2. തളിർക്കൈകൾ പിരിച്ചെഴുതുക (1 മാർക്ക്)

   a. തളിർ + കൈകൾ  b. തളി + കൈകൾ
   c. തളിർ+ക്കൈകൾ  d. തളി+കൈ + കൾ

3. വിനോദയാത്ര എന്നാൽ ? (1 മാർക്ക്)

   a.വിനോദമുള്ള യാത്ര  b.വിനോദിന്റെ യാത്ര
   c.വിനോദത്തിനായുള്ള യാത്ര  d.വിനോദം കൊണ്ടുള്ള യാത്ര

4. ചിറകുള്ള ബസ് എന്ന പ്രയോഗം കൊണ്ട് ഉദ്ദേശിക്കുന്നത്? (1 മാർക്ക്)

   a.ആ ബസ്സിന് ചിറകുകൾ ഉണ്ട്
   b.ബസ്സിൽ നിന്നും കുട്ടികൾ കൈ പുറത്തേക്കിട്ട് വീശുന്നു.
   c.ബസ് വേഗത്തിൽ പോകുന്നു.
   d.ബസ്സിനകത്ത് പക്ഷികൾ ചിറകടിച്ച് പറക്കുന്നു.

5. ചിറക് എന്നതിന്റെ സമാനപദം അല്ലാത്തതേത് ? (1 മാർക്ക്)

   a.പക്ഷം  b.പത്രം
   c.തൂവൽ  d.പതത്രം

6. ചില്ലക്ഷരത്തിൽ പെടാത്തത് ഏത്? (1 മാർക്ക്)

   a . ൻ  b.ൾ
   c. ൺ  d. ള

# ENGLISH

Read the following passage and find the answers of given below questions

It was a Sunday evening. Dilna and Isaac were playing in the yard. During the game Isaac tripped over a stone and fell down. Dilna felt scared. She rushed in to the house and grabbed the first aid box and came back. She rubbed the pain bam on his aching leg. He began to cry loudly. She tried to console him.

1. Dilna felt scared. Find out the similar meaning words of the underlined word.

i. Confidence

ii. Afraid

iii. Frightened

iv. Courage

A. Both i and ii are correct    B. Both ii and iii are correct

C. All are correct    D. i, ii and iii are correct

(1 mark)

2. She rushed into the house and grabbed the first aid box

Here she grabbed the first aid box means,

A. She opened the first aid box correctly

B. She closed the first aid box clearly

C. She used the first aid box fastly

D. She snatched the first aid box quickly (1 mark)

3. The opposite word of "console" is given below. Which is right

a. Allow    b. Apply

c Annoy    c. Advise    (1 mark)

4. Choose the misspelt words from the given words.

i. Thought

ii. Taught

iii. Thaught

iv. Tought

A. i & ii B. iii & iv

C. i & iii D. ii & iv (1 mark)

5. Arrange the unscramble words and make a meaning full sentence

**Checked / mother / first aid / her / gave / land / the firemen / her**

A. The mother checked her and the firemen gave her first aid

B. The firemen gave first aid her and checked her mother

C. The firemen checked her mother and gave her first aid

D. The mother gave her first aid the firemen checked her

(1 mark)

6. She put on the frock. The phrase put on means.

A. wear B. used

C. liked D. Keep (1 mark)

# പരിസര പഠനം

1. പ്രകൃതിയിലെ ജീവികളുടെ വൈവിധ്യത്തെ പറയുന്ന പേരെന്ത്?
   a)ആവാസം b)ആവാസവ്യവസ്ഥ
   c)ജൈവ വൈവിധ്യം d)പ്രകൃതി സൗന്ദര്യം (1 മാർക്ക്)
2. ആവാസവ്യവസ്ഥകളുടെ നാശത്തിന് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകളിൽ ഉൾപ്പെടാത്തത് ഏത്?
   a) കുന്നിടിക്കൽ
   b) മരങ്ങൾ വെച്ചു പിടിപ്പിക്കുന്നത്
   c) കീടനാശിനികളുടെ അമിത ഉപയോഗം
   d) പുഴയിൽ മാലിന്യം വലിച്ചെറിയുന്നത് (1 മാർക്ക്)
3. നഗരങ്ങളിലെ വായു മലിനീകരണത്തിന് ഒരു പ്രധാന കാരണം?
   a)മരങ്ങൾ നടുന്നത് b)വാഹനങ്ങളിൽനിന്നുള്ള പുക
   c)മഴ പെയ്യുന്നത് d)കടൽക്കാറ്റ് (1 മാർക്ക്)
4. ജൈവ വൈവിധ്യം എന്താണ്?
   a)ഒരേ സ്ഥലത്ത് വളരുന്ന സസ്യങ്ങൾ മാത്രം
   b)പ്രകൃതിയിലെ ജീവിവർഗ്ഗങ്ങളുടെ വൈവിധ്യം
   c)ജീവനില്ലാത്ത വസ്തുക്കൾ മാത്രം
   d)മനുഷ്യനിർമ്മിത കെട്ടിടങ്ങൾ (1 മാർക്ക്)
5. ശരീരത്തിൽ വായു അറകളുള്ള സസ്യം ഏത്?
   a)കള്ളിമുൾച്ചെടി b)ആമ്പൽ
   c)തെങ്ങ് d)മാവ് (1 മാർക്ക്)
6. മത്സ്യത്തിന് ജലത്തിൽ ശ്വസിക്കാൻ സഹായിക്കുന്ന ശരീരഭാഗം ഏത്?
   a)ചിറകുകൾ b)ശകുലങ്ങൾ
   c)വാൽ d)ചെതുമ്പൽ (1 മാർക്ക്)

## ഗണിതം

1.ഒരു ചതുരക്കട്ടയുടെ വക്കുകളുടെ എണ്ണം എത്ര?

A) 8 B) 10
C) 12 D) 16 (1 മാർക്ക്)

2. ജാമിതീയ രൂപങ്ങളെ കുറിച്ചുള്ള താഴെ പറയുന്നവയിൽ തെറ്റായ പ്രസ്താവന ഏത് ?

A) ചതുരത്തിന് 4 വശങ്ങളുണ്ട്. B) വൃത്തത്തിന് മൂലകളില്ല.
C) ത്രികോണത്തിന് 4 മൂലകളുണ്ട്. D)സമചതുരത്തിന് 4 തുല്യവശങ്ങളുണ്ട്. (1 മാർക്ക്)

3. 16 സെൻ്റീമീറ്റർ നീളമുള്ള ഒരു നൂൽ കൊണ്ട് ഒരു സമചതുരം ഉണ്ടാക്കിയാൽ അതിൻ്റെ ഒരു വശത്തിന്റെ നീളം എത്ര?

A) 2 സെ.മീ B) 4 സെ.മീ
C) 8 സെ.മീ D) 16 സെ.മീ (1 മാർക്ക്)

4. ടാൻഗ്രാമിനെ ക്കുറിച്ചുള്ള ഈ പ്രസ്താവനകൾ ശ്രദ്ധിക്കുക.

i) ഒരു ടാൻഗ്രാം സെറ്റിൽ 5 ത്രികോണങ്ങൾ ഉണ്ട്.
ii) ടാൻഗ്രാമിൽ വൃത്തങ്ങൾ അടങ്ങിയിരിക്കുന്നു

A) i ശരി, ii തെറ്റ് B) i തെറ്റ്, ii ശരി
C) രണ്ടും ശരി D) രണ്ടും തെറ്റ് (1 മാർക്ക്)

5) ഒരു പെട്ടിയുടെ മുഖങ്ങൾ ആകെ എത്രയാണ്?

A) 6 B) 12 C) 4 D) 8 (1 മാർക്ക്)

6 ) 8 സെൻ്റീമീറ്റർ വശമുള്ള ഒരു സമചതുരത്തിന്റെ ചുറ്റളവ് എത്ര

A) 10 സെ.മീ B) 24 സെ.മീ
C) 32 സെ.മീ D) 40 സെ.മീ (1 മാർക്ക്)

# പൊതുവിജ്ഞാനം

1 ബാല്യകാല സഖി ആരുടെ കൃതിയാണ് (1 മാർക്ക്)

a വൈക്കം മുഹമ്മദ് ബഷീർ
b എം ടി വാസുദേവൻ നായർ
c ബെന്യാമിൻ
d എസ് കെ പൊറ്റക്കാട്

2 കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം ഏത് ജില്ലയിലാണ് (1 മാർക്ക്)

a കോഴിക്കോട്
b മലപ്പുറം
c വയനാട്
d കണ്ണൂർ

3 ഒരു ഫുട്ബോൾ കളിയുടെ സമയദൈർഘ്യം എത്രയാണ് ? (1 മാർക്ക്)

a 1 മണിക്കൂർ
b 2 മണിക്കൂർ
c 1 മണിക്കൂർ 30 മിനിറ്റ്
d 1 മണിക്കൂർ 45 മിനിറ്റ്

4 കേരള കലാമണ്ഡലം ഏത് ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്? (1 മാർക്ക്)

5 ഭരതനാട്യം ഏത് സംസ്ഥാനത്തിന്റെ കലാരൂപമാണ്? (1 മാർക്ക്)

6 ഇന്ത്യയുടെ രാഷ്ട്രപതി ആര്? (1 മാർക്ക്)

# മലയാളം

1. രചനാ പരിചയക്കുറിപ്പ് തയ്യാറാക്കാം? (5 മാർക്ക്)

ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ
മലിനമായ ജലാശയം അതിമലിനമായൊരു ഭൂമിയും
തണലു കിട്ടാൻ തപസിലാണിന്നിവിടെയെല്ലാ മലകളും
ദാഹനീരിനു നാവു നീട്ടി വലഞ്ഞു പുഴകൾ സർവ്വവും
കാറ്റുപോലും വീർ ഷടക്കി കാത്തുനിൽക്കും നാളുകൾ
ഇവിടെയിന്നെൻ പിറവിയെന്നായ് വിത്തുകൾ തൻ മന്ത്രണം

ഇഞ്ചക്കാട് ബാലചന്ദ്രൻ

# ENGLISH

1. Notice

Dilna is being honored as the Best Bravery Child of her school. The headmaster and management have decided to award her this recognition for her courageous act. A special ceremony is being organized to felicitate her. Please help draft a notice for the event?

# പരിസര പഠനം

## കുറിപ്പെഴുതുക. (5 മാർക്ക്)

ഞങ്ങളുടെ ശാസ്ത്രപാഠത്തിന്റെ ഭാഗമായാണ് ഞങ്ങൾ അടുത്തുള്ള ഒരു കായൽ സന്ദർശിച്ചത്. പുസ്തകത്തിൽ വായിച്ച ആവാസ വ്യവസ്ഥയെ നേരിട്ട് കാണാനുള്ള അവസരം ലഭിച്ചത് എനിക്ക് വലിയ സന്തോഷമായിരുന്നു.

കായൽകരയിൽ എത്തിയപ്പോൾ വെള്ളത്തിൽ നീന്തുന്ന മത്സ്യങ്ങളെയും ചാടി നടക്കുന്ന തവളകളെയും കാണാൻ കഴിഞ്ഞു. വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ആമ്പൽ ഇലകൾ സൂര്യപ്രകാശം സ്വീകരിച്ച് പച്ചപ്പോടെ നിവർന്നു നില്ക്കുന്നത് മനോഹരമായ കാഴ്ചയായിരുന്നു. ജലസസ്യങ്ങൾ വെള്ളത്തിൽ ജീവിക്കാൻ എങ്ങനെ അനുകൂലനം കൈവരിച്ചിരിക്കുന്നു എന്നത് എനിക്ക് വ്യക്തമായി മനസ്സിലായി. കുളിർമ്മയുള്ള കാലാവസ്ഥയും തണുത്ത കാറ്റും എന്നെ ഏറെ ആകർഷിച്ചു.

തിരിച്ചു വരുന്ന വഴിയിൽ ഒരു പാറയുടെ മുകളിൽ വളരുന്ന കള്ളിമുൾച്ചെടി എന്റെ ശ്രദ്ധ പിടിച്ചുപറ്റി. ഇലകൾ മുള്ളുകളായി മാറി ജലം സംരക്ഷിക്കുന്ന ഈ സസ്യങ്ങളുടെ അനുകൂലനം ഞങ്ങൾ പഠിച്ചതുപോലെ തന്നെ യാഥാർഥ്യമാണെന്ന് തിരിച്ചറിഞ്ഞു.

ഈ സന്ദർശനം പ്രകൃതിയെയും ജീവജാലങ്ങളെയും കുറിച്ചുള്ള എന്റെ അറിവ് വർധിപ്പിച്ചു. ഓരോ ജീവിയും തന്റെ ആവാസ വ്യവസ്ഥയ്ക്ക് അനുസരിച്ച് മാറിയാണു ജീവിക്കുന്നത് എന്ന സത്യം ഞാൻ നേരിൽ കണ്ടു മനസ്സിലാക്കി. പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യവും ഈ യാത്ര എനിക്ക് ബോധ്യപ്പെടുത്തി.

ദൃശ്യയുടെ അനുഭവക്കുറിപ്പ് വായിച്ചല്ലോ. ജീവനുള്ളതും ജീവനില്ലാത്തതുമായ ഘടകങ്ങൾ പരസ്പരം ആശ്രയിച്ചു കഴിയുന്നതിന്റെ എന്തെല്ലാം ഉദാഹരണങ്ങളാണ് ഇതിൽ നിന്നും കണ്ടെത്താനാവുന്നത്? വിശദമായ കുറിപ്പെഴുതുക.

# ഗണിതം

1. ഒരു സമചതുരത്തിന്റെ ഒരു വശത്തിന്റെ നീളം 5 സെ.മീ. ആണ്.



a) അതിന്റെ ചുറ്റളവ് കണ്ടെത്തുക. (2 മാർക്ക്)

b) വശത്തിന്റെ നീളം ഇരട്ടിയാക്കിയാൽ ചുറ്റളവിൽ ഉണ്ടാകുന്ന മാറ്റം വിശദീകരിക്കുക. (3 മാർക്ക്)